# കേരള സർവകലാശാല

നം. പി.ആർ.204/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പുനഃക്രമീകരിച്ച തീയതികൾ

കേരള സർവകലാശാല സെപ്റ്റംബർ 18-ന് നടത്താനിരുന്ന പരീക്ഷകളുടെ പുനഃക്രമീകരിച്ച തീയതികൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## എം.എ ആർക്കിയോളജി; സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ആർക്കിയോളജി പഠനവകുപ്പിൽ എം.എ ആർക്കിയോളജി (2017 അഡ്മിഷൻ) പ്രവേശനത്തിനായി എസ്.സി (പട്ടിക ജാതി) വിഭാഗത്തിന് (ഒരു സീറ്റ്) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരാ യവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ 20-ന് രാവിലെ 10.00-ന് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്.

## ബി.എ ഫലം

കേരള സർവകലാകാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ സി.ബി.സി.എസ്.എസ് (റഗുലർ) (2013 സപ്ലിമെന്ററി & 2014 സ്കീം ഇംപ്രൂവ്മെന്റ് & 2015 സ്കീം റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരി ശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 16.

## എം.ഫിൽ ഇന്റർവ്യൂ

കേരള സർവകലാകാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും യൂണിവേ ഴ്സിറ്റി കോളേജിലേയും 2017-18 അദ്ധ്യയന വർഷത്തേക്കുള്ള എം.ഫിൽ പ്രോഗ്രാമുകളിലേക്കുള്ള ഇന്റർവ്യൂ സെപ്റ്റംബർ 25 മുതൽ ഒക്ടോബർ ആറ് വരെ കേരള സർവകലാകാശാലയുടെ അതാത് പഠന വകുപ്പുകളിൽ നടക്കും. ഇന്റർവ്യൂവിന് എസ്.എം.എസ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ അതാതു വകുപ്പു കളിൽ ഷെഡ്യൂൾ പ്രകാരം ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

## എം.എൽ.ഐ.എസ്സി ഒരു സീറ്റ് ഒഴിവ്

കേരള സർവകലാശാലയുടെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗം നടത്തുന്ന ദ്വിവത്സര എം.എൽ.ഐ.എസ്സി കോഴ്സിന് എസ്.ടി വിഭാഗത്തിന് ഒരു സീറ്റ് ഒഴിവുണ്ട് (2017-19 ബാച്ച്) താൽപര്യമുള്ളവർ ജാതി സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് വിഭാഗത്തിൽ സെപ്റ്റംബർ 20-ന് വൈകിട്ട് 3.00 മണിക്ക് മുമ്പായി ഹാജരാകേണ്ടതാണ്. എസ്.ടി വിഭാഗത്തിന്റെ അഭാവ ത്തിൽ എസ്.സി വിഭാഗക്കാരെ പരിഗണിക്കും.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സ് ഈവനിംഗ് ബാച്ച്- തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് 27 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ് 6000 രൂപ. അപേക്ഷാ ഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ. സമയം വൈകുന്നേരം അഞ്ച് മുതൽ ഏഴ് വരെ. വിശദവിവരങ്ങൾക്ക് പി.എം.ജി-യിലുള്ള (സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്) സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ:0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഇന്റർവ്യൂ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ അഡ്മിഷൻ ഇന്റർവ്യൂ ഒക്ടോബർ നാലിന് 11 മണിക്ക് പി.എം.ജി-യിലുള്ള (സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്) സി.എ.സി.ഇ.ഇ ഓഫീസിൽ നടക്കും. അപേക്ഷ സമർപ്പിച്ചവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. സീറ്റുകൾ ഒഴിവ് വന്നാൽ അപേക്ഷ സമർപ്പിക്കാത്തവരേയും പരിഗണിക്കും. യോഗ്യത പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ് 7500 രൂപ. അപേക്ഷാ ഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. കോഴ്സ് കാലാവധി ആറ് മാസം. വിശദവിവരങ്ങൾക്ക് ഫോൺ:0471-2302523.

തിരുവനന്തപുരം.
18.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ